# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 218 09.03.2015-ൽ മറുപടിയ്ക്ക്**

**മാവോയിസ്റ്റ് പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത്ത് | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) സംസ്ഥാനത്ത് മാവോയിസ്റ്റ് പ്രവർത്തനങ്ങൾ അടിച്ചമർത്തുന്നതിനും, നിരീക്ഷിക്കുന്നതിനും സംസ്ഥാന പോലീസിൽ പ്രത്യേക വിഭാഗത്തെ നിയോഗിച്ചിട്ടുണ്ടോയെന്നും എങ്കിൽ പ്രസ്തുത വിഭാഗത്തിന് എന്തു പേരാണ് വകുപ്പ് തലത്തിൽ നൽകിയിട്ടുള്ളതെന്നും ഇതിൽ എത്ര പോലീസ് സേനാംഗങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;<br><br>ബി) മാവോയിസ്റ്റ് പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള പോലീസ് സേനാവിഭാഗത്തിന് നൽകിയിട്ടുള്ള ചുമതലകൾ എന്തൊക്കെയാണെന്നും ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം ഭൗതിക സൗകര്യങ്ങളാണ് നൽകിയിട്ടുള്ളതെന്നും ഇതിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തെന്നും വെളിപ്പെടുത്തുമോ; | (എ) & (ബി) മാവോയിസ്റ്റ് ഉൾപ്പെടെയുള്ള ഭീകര സംഘടനകളുടെ ഭീകരപ്രവർത്തനങ്ങളും ഗുരുതര സുരക്ഷാ ഭീഷണിയും നേരിടുന്നതിനു സംസ്ഥാനത്തെ പോലീസിൽ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |
| സി) മാവോയിസ്റ്റ് പ്രവർത്തനങ്ങൾ സംസ്ഥാനത്ത് അടിച്ചമർത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുള്ളതായി വെളിപ്പെടുത്തുമോ ; ഇതിന് നിയോഗിക്കപ്പെട്ടിട്ടുള്ള സേനാംഗങ്ങൾ തങ്ങളുടെ തസ്തികക്കനുസരിച്ചുള്ള ആനുകൂല്യങ്ങൾക്കുപരിയായി എന്തെല്ലാം ആനുകൂല്യങ്ങൾ സർക്കാർ നൽകുന്നു എന്നും വെളിപ്പെടുത്തുമോ; | (സി) ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ നിലവിലുള്ള സേനാവിഭാഗങ്ങളെയും മാവോയിസ്റ്റ് ഉൾപ്പെടെയുള്ള ഭീകര സംഘടനകളുടെ ഭീകരപ്രവർത്തനങ്ങളും ഗുരുതരമായ സുരക്ഷാ ഭീഷണിയും നേരിടുന്നതിനായി നിയോഗിച്ചിട്ടുള്ള സേനാംഗങ്ങളെയും മാത്രമെ ഉപയോഗപ്പെടുത്തിയിട്ടുള്ളു. ഇതിനു നിയോഗിച്ചിട്ടുള്ള സേനാംഗങ്ങൾക്ക് തങ്ങളുടെ തസ്തികയ്ക്കനുസരിച്ചുള്ള ആനുകൂല്യങ്ങൾക്ക് ഉപരിയായി, അവർ ഏർപ്പെട്ടിരിക്കുന്ന ജോലിയുടെ കാഠിന്യം മനസ്സിലാക്കി മറ്റു ചില ആനുകൂല്യങ്ങളും നൽകി വരുന്നു. |

| | |
|---|---|
| ഡി) സംസ്ഥാനത്ത് ഇതുവരെ എത്ര മാവോയിസ്റ്റ് ആക്രമങ്ങൾ നടന്നിട്ടുണ്ടെന്നും ഇതിൽ എത്രപേർ പിടിക്കപ്പെട്ടിട്ടുണ്ടെന്നും പിടിക്കപ്പെട്ടവരിൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഏതെങ്കിലും പ്രവർത്തകർ ഉൾപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ? | (ഡി) സംസ്ഥാനത്ത് മോവോയിസ്റ്റ് സംഘടനയുടെ പേരിൽ 13 ആക്രമണങ്ങൾ നടന്നിട്ടുണ്ട്. ഈ ആക്രമണങ്ങളുമായി ബന്ധപ്പെട്ടു 3 പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്. കേസുകൾ അന്വേഷണാവസ്ഥയിലാണ്. പിടിക്കപ്പെട്ടവരുടെ സംഘടനാ ബന്ധവും സംഘടനയിലെ ചുമതലകളും പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ